ഉത്തരം

(എ) ഇല്ല.

(ബി-ഡി) ഇതു സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ തുടർന്നുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

എക്സൈസ് ഗാർഡുകളെ സംബന്ധിച്ച സ്പെഷ്യൽ റൂൾ ഭേദഗതി

36 (1322) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഗാർഡുകളെ സംബന്ധിച്ച സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനു മുന്നോടിയായി എക്സൈസ് സർവ്വീസ് സംഘടനകളുമായി ചർച്ചകൾ നടത്തി കഴിഞ്ഞു. മറ്റു ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ മേൽനടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നവരെ പിരിച്ചുവിടാതിരിക്കാൻ നടപടി

37 (1324) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിനപരിപാടിയിൻ കീഴിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക നിലയം, ശിശുമന്ദിരം എന്നിവയിൽ താൽക്കാലികാടിസ്ഥാനത്തിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ലൈബ്രേറിയൻ, ടീച്ചർമാർ, ആയമാർ, എന്നിവരുടെ നിയോഗകാലാവധി 31-3-2001-ന് അവസാനിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2000 മാർച്ച് 31-ന് അവസാനിച്ചിരുന്ന ഇവരുടെ നിയോഗകാലാവധി 1-4-2000 മുതൽ 31-3-2001 വരെ ദീർഘിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് 13-4-2000 തീയതിയിലാണ് സർക്കാർ പുറപ്പെടുവിച്ചത് എന്ന കാര്യം പരിശോധിക്കുമോ ; ഇക്കാരണത്താൽ കാലാവധി കഴിഞ്ഞ ഉടനെ പലരെയും ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾ പിരിച്ചു വിട്ട കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ലൈബ്രേറിയൻമാരെയും ടീച്ചർമാരെയും ആയമാരെയും പിരിച്ചു വിടരുതെന്നാവശ്യപ്പെട്ടുകൊണ്ട് കേരള പഞ്ചായത്ത് എംപ്ലോയീസ് അസോസിയേഷൻ നൽകിയ നിവേദനത്തിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) റവന്യൂ, കൃഷി, മൃഗസംരക്ഷണ വകുപ്പുകളിൽ താൽക്കാലികമായി തൂപ്പു ജോലി ചെയ്തിരുന്നവരെ പിരിച്ചു വിടരുതെന്ന് ഉത്തരവായതുപോലെ പഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ പിരിച്ചു വിടാതിരിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഇ) ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവരുടെ നിയോഗ കാലാവധി 31-3-2001 തീയതി അവസാനിക്കുന്ന കാര്യം പരിഗണിച്ച് ഇവരുടെ സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് 2001 മാർച്ച് 31-ന് മുമ്പ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവരുടെ നിയോഗകാലാവധി ദീർഘിപ്പിക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ അപേക്ഷ 10-3-2000-ലാണ് സർക്കാരിന് ലഭിച്ചത്. ആയത് പരിശോധിച്ച് 13-6-2000-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുവാൻ വൈകിയതു മൂലം ആരെയും പിരിച്ചുവിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) പ്രസ്തുത ആവശ്യം പരിശോധിച്ചു വരികയാണ്.

(ഇ) ഇവരുടെ നിയോഗ കാലാവധി 1-4-2001 മുതൽ 31-3-2002 വരെ ദീർഘിപ്പിച്ച് 24-2-2001-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സഉ.(സാ)നം.681/2001/തസ്വഭവ)

മാലിന്യ നിർമ്മാർജ്ജന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി

38 (1326) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര മാലിന്യനിർമ്മാർജ്ജന തൊഴിലാളികളും കീടനാശിനി തളിക്കുന്ന തൊഴിലാളികളും ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത തൊഴിലാളികളെ മൂന്നു മാസത്തിലൊരിക്കൽ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ;

(സി) മാലിന്യ നിർമ്മാർജ്ജന തൊഴിലാളികൾക്ക് മാലിന്യ നിർമ്മാർജ്ജനത്തിന് കയ്യുറകളും ബൂട്ട്സുകളും നൽകാറുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ടു കൊല്ലക്കാലത്ത് ഈ ഇനത്തിൽ എന്തു തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly